പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

02.07.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. *146

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ.ബാബു എം. പാലിശ്ശേരി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കേണ്ട കെട്ടിട നികുതിയിൽ കുറവ് വരുത്തിയതുകൊണ്ട് അവയുടെ വരുമാനം കുറഞ്ഞതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | എ) കെട്ടിട നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വസ്തുനികുതി ചുമത്തൽ പൂർത്തിയാക്കിയതിനു ശേഷമുള്ള നികുതി ശേഖരണ കണക്കുകൾ പരിശോധിക്കുമ്പോഴെ ഈ ഇനത്തിൽ വരുമാനം കുറഞ്ഞുവോയെന്നു വിലയിരുത്തൽ നടത്താൻ കഴിയൂ. പരിഷ്കരണം പൂർണമായിട്ടില്ല |
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് കെട്ടിട നികുതിയിൽ മുൻ നിശ്ചയിച്ച പ്രകാരം ലഭിക്കുമായിരുന്ന വരവിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) കെട്ടിട നികുതിയിൽ കുറവ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | ബി) & സി)<br>കെട്ടിട നികുതി ഉൾപ്പെടെയുള്ള തനത് വരുമാനത്തിൽ നിന്നുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിട നികുതിയിലുള്ള വരുമാനത്തിന്റെ കണക്കുകൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് സാധാരണയായി സംസ്ഥാന ധനകാര്യ കമ്മീഷനുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന ബജറ്റ് വിഹിതത്തെ സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുക. |

സെക്ഷൻ ഓഫീസർ